പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1507 **01-07-2026-ൽ മറുപടിയ്ക്ക്**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബജറ്റിൽ ഉൾപ്പെട്ട പദ്ധതികളുടെ വിവരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പദ്ധതികൾ ഏതെല്ലാം എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ ഉൾപ്പെടുത്തിയ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ, 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ നിന്നും ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (പുതുക്കിയ പത്രിക) (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II എന്ന ബജറ്റ് രേഖയിൽ 20 ശതമാനം വിഹിതം വകയിരുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസ്തുത ബജറ്റ് രേഖയിൽ പ്രത്യേകമായി ക്രോഡീകരിക്കാത്ത തലത്തിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത് എന്ന് വർഷം തിരിച്ച് അറിയിക്കാമോ;

മറുപടി: വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവ്വഹണം/ പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

(സി) ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾക്ക് ആയതിനുള്ള കാലതാമസം എന്താണെന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ?

മറുപടി: വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായ നിർവ്വഹണം/ പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം.	കാഞ്ഞങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതിയുടെ പേര്	അനുവദിച്ച 20% തുക (ലക്ഷത്തിൽ)
	2021-22	
1	കള്ളാർ - ചുള്ളിത്തട്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (കി.മി 0/00 മുതൽ കി.മി 7/250 വരെ)	180
2	യൂത്ത് ഹോസ്റ്റൽ, കാഞ്ഞങ്ങാട് കെട്ടിട നിർമ്മാണം	60
3	കോടാം ഐ.റ്റി.ഐ കെട്ടിട നിർമ്മാണം	100
4	ഗവ.ആർട്സ് & സയൻസ് കോളേജ് കിനാനൂർ- കരിന്തളം കെട്ടിട നിർമ്മാണം	100
	2022-23	
1	മുക്കൂട് പാലം നിർമ്മാണം(അജാനൂർ)	200
	2023-24	
1	കാരക്കോട് പാലം നിർമ്മാണം	100
2	ചെരണത്തല പാലം നിർമ്മാണം	100
	2024-25	
1	കാഞ്ഞങ്ങാട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് - പുതിയ കെട്ടിടത്തിന്റെ ബാലൻസ് പ്രവൃത്തികൾ	30
2	മണിക്കല്ല് പാലം നിർമ്മാണം	60
3	പാണത്തൂർ -പാറക്കടവ് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ കി.മീ 1/660 മുതൽ 4/930വരെ	80
4	ബേളൂർ തട്ടുമ്മൽ സ്റ്റേഡിയം നിർമ്മാണം	30
	2025-26	
1	അഞ്ചനമുക്കൂട് - കൊട്ടോടി പാലം - കൂരംങ്കയം റോഡ്	20
2	എടത്തോട് - വള്ളിച്ചിറ്റ – അട്ടക്കണ്ടം - തേറംകല്ല് റോഡ്	20
3	ഗുരുവനം - ഉപ്പിലികൈ - ചേടി റോഡ്	20
4	കുന്നുപാറ – പെടിപ്പള്ളം റോഡ് നവീകരണം	80
5	ഇരിയ – ലാലൂർ - പറക്ലായി റോഡ്	20
6	കൊല്ലംപാറ – കാട്ടിപെയിൽ - ബിരിക്കുളം റോഡ്	20
7	കോളിച്ചാൽ - പ്രന്തർകാവ് - പാലച്ചാൽ റോഡ്	20